# RESEARCH SCHOLAR

Vol. 10 No.4 December 2021 ISSN 2249-6696

*Peer Refereed Quarterly Inter Disciplinary Research Journal*



Scholars Association of Kerala
Ruby Villa, Kozha P.O.
Kottayam Dist. Kerala-686633

# RESEARCH SCHOLAR

Vol. 10 No. 4 December 2021

ISSN 2249-6696

Refereed Interdisciplinary Research Journal
(Published Quarterly in March, June, September and December)

Publishers

**Scholars Association of Kerala**
Ruby Villa, Kozha P. O.,
Kottayam Dist. Kerala - 686640
e.mail: thomaschennanchira@gmail.com

# *Contents*


| | | |
|---|---|---|
| 1. | Consumer Preference towards Disinfectants<br>**Dr. Jins George** | 1-4 |
| 2. | The New Evolution of the Earth through the Movie *Annihilation*<br>**Noble Peter & Dr. A.K. Nambiar** | 5-7 |
| 3. | ആധുനികാനന്തര മലയാള നോവലിന്റെ വ്യവഹാരനിർമിതികൾ<br>**പ്രമോദ് കെ.എസ്.** | 8-12 |
| 4. | ബഷീർ കൃതികളിലെ വിശപ്പിന്റെ ദർശനം<br>**ഡോ. ബെന്നിച്ചൻ സ്കറിയ** | 13-14 |
| 5. | അപസർപ്പകനോവലുകളുടെ ജനപ്രിയമാനങ്ങൾ: പോയട്രി കില്ലർ മുൻനിർത്തിയുള്ള പഠനം<br>**ക്രിസ്റ്റി അന്ന തോമസ്** | 15-19 |
| 6. | എൻ.വി. കവിതയുടെ പ്രതിരോധമുഖങ്ങൾ<br>**സന്ധ്യ എൻ.എസ്.** | 20-23 |
| 7. | പെൺചരിതത്തിലെ ദേശഭൂപടങ്ങൾ: കാഴ്ചയും വിനിമയവും<br>**ഡോ. അർച്ചന എ.കെ.** | 24-28 |
| 8. | തീരദേശത്തിന്റെ ആഖ്യാനം മലയാള സിനിമയിൽ: തെരഞ്ഞെടുത്ത മലയാള സിനിമകളെ മുൻനിർത്തിയുള്ള പഠനം<br>**ഫെൽബിൻ ആന്റണി** | 29-34 |
| 9. | കെ.പി. അപ്പന്റെ വിമർശനേതര രചനകൾ<br>**ഡോ. വി.എസ്. റോബർട്ട്** | 35-40 |
| 10. | പി. പത്മരാജന്റെ ചലച്ചിത്ര കഥാപാത്രങ്ങളിലെ കാമനകളുടെ വ്യവഹാരങ്ങൾ<br>**റോയി ജോസഫ്** | 41-42 |
| 11. | കാവുകളിലെ സർഗ്ഗാത്മകത<br>**സുമിമോൾ റ്റി.എസ്. & ഡോ. റ്റി. ജിതേഷ്** | 43-47 |
| 12. | രോഗവും സാഹിത്യസിദ്ധാന്തങ്ങളും<br>**മേരി ജെയിൻ ജോസ്. കെ** | 48-51 |
| 13. | Impact of Covid-19 on Micro Small and Medium Enterprises (MSMES) in Kerala<br>**Ani Aby** | 52-55 |
| 14. | Sahodaran Ayyappan - A Disciple of Sree Narayana Guru<br>**Leena J. & Dr. George Philip** | 56-59 |
| 15. | Reform, Religiosity, and Ramakrishna Movement: Glimpses from Kerala<br>**K. Sreelatha & Dr. A. Muhammad Maheen** | 60-64 |
| 16. | Sports and Games in Educational Institutions of Colonial Malabar<br>**Vasisht M.C. & Dr. T. Mohammed Ali** | 65-71 |
| 17. | Numbers, Symbolism and the Jainas<br>**Dr. P.M. Mini** | 72-76 |


• • •

# രോഗവും സാഹിത്യസിദ്ധാന്തങ്ങളും

**ഷേരി ജെയിൻ ജോസ്. കെ**
ഗവേഷക, മലയാള വിഭാഗം
മഹാരാജാസ് കോളേജ്, എറണാകുളം
Mob: 9496706040

**Dr. Ambika A. Nair**
Research Supervisor
Maharajas College Research Centre, Ernakulam
(HOD, D.B. College, Thalayolaparambu)

സംക്രമണ മുന്നറിയിപ്പുകളില്ലാത്ത വിധത്തിലുള്ള ദൈർഘ്യമേറിയ രോഗകാലഘട്ടങ്ങളിലൂടെയാണ് മനുഷ്യവംശം സഞ്ചരിക്കുന്നത്. പ്രത്യേക രാജ്യത്തെയോ വിഭാഗത്തെയോ മാത്രമായിട്ടല്ലാതെ ലോകത്തെ മുഴുവൻ പിടിച്ചുലക്കാൻ തക്ക ശേഷിയുള്ളതാണ് കൊറോണ എന്ന സമകാലിക രോഗാവസ്ഥ. വിവിധ കാലങ്ങളിൽ ഉണ്ടായിട്ടുള്ള പലതരം രോഗങ്ങൾ സംസ്കാരം, ചിന്ത, ഭാഷ, സാഹിത്യം എന്നിവയിലെല്ലാം സ്വാധീനം ചെലുത്തിയിട്ടുണ്ട്. മാനസികമായും ശാരീരികമായും കീഴ്പ്പെടുത്തുന്ന രോഗാവസ്ഥ എഴുത്തുകാരനിൽ ഗുണമായും ദോഷമായും പ്രതിഫലിക്കുന്നു. രോഗം എഴുത്തുകാരെ എപ്രകാരമാണ് സ്വാധീനിക്കുന്നതെന്നും ആ സ്വാധീനപഠനത്തിൽ നിന്നും ഉടലെടുത്ത സിദ്ധാന്തങ്ങൾ ഏതെല്ലാമാണെന്നും അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

താക്കോൽ വാക്കുകൾ: രോഗം, മനുഷ്യമനസ്സ്, ആഘാതം, അനിശ്ചിതത്വം, ആഖ്യാനസവിശേഷത

ആരോഗ്യമേഖലയിൽ ഇതുവരെ കണ്ടിട്ടില്ലാത്ത വെല്ലുവിളികളിലൂടെയാണ് സമകാലീന ലോകം കടന്നുപോകുന്നത്. മനുഷ്യനെ മുഴുവൻ കീഴടക്കുന്ന രോഗാവസ്ഥ ഉണ്ടാക്കിയ ജീവിതവ്യതിയാനങ്ങൾ ഭാവിയിലെ ഗവേഷണവിഷയമാണ്. രോഗം എഴുത്തുകാരിൽ ഉണ്ടാക്കുന്ന മാനസിക ആഘാതം പല സൈദ്ധാന്തികരും പഠനവിഷയമാക്കിയിട്ടുണ്ട്. രോഗം എഴുത്തുകാരിൽ ഗുണമായും ദോഷമായും പ്രകടമാകുന്നു എന്നുള്ളതാണ് ആ കണ്ടെത്തൽ. സമൂഹത്തെ ബാധിക്കുന്ന സാമാന്യമായ രോഗങ്ങൾക്കെല്ലാം പൊതുവായ ലക്ഷണങ്ങളുണ്ട്. സാഹിത്യകാരനിൽ ഉണ്ടാകുന്ന രോഗാനുഭവങ്ങൾ ഈ പൊതു ലക്ഷണങ്ങളോട് ചേർന്ന് നിൽക്കുന്നതല്ല. രോഗം നൽകുന്ന മാനസിക ആഘാതം ജീവിതത്തെക്കുറിച്ച് ആഴത്തിൽ ചിന്തിക്കാൻ എഴുത്തുകാരനെ പ്രചോദിപ്പിക്കുന്നു. അദ്ദേഹത്തിന്റെ ജീവിത ദർശനത്തെയും വീക്ഷണത്തെയും അത് സ്വാധീനിക്കുന്നു. ചിന്തയും ഭാഷയും മനുഷ്യമസ്തിഷ്കത്തിൽ നിന്നാണ് രൂപമെടുക്കുന്നത്. മനുഷ്യമനസ്സും ചിന്തയുടെ ആവിഷ്കാരത്തിൽ പങ്കെടുക്കുന്നു. മനസ്സ് ദുരൂഹമായ സൂക്ഷ്മതലങ്ങളുമായി മനുഷ്യവംശത്തെ വെല്ലുവിളിക്കുന്നു. വേദനകരമായ ശാരീരികാനുഭവം പോലെ മാനസികമായ അസന്തുലിതാവസ്ഥയ്ക്കും രോഗം കാരണമാകുന്നു. അതിനാൽ രോഗാവസ്ഥ എഴുത്തുകാരന്റെ മനസ്സിക തലത്തിൽ പ്രകടമായ സ്വാധീനമായ മാറാനുള്ള സാധ്യതയുണ്ട്.

**മാനസികാപഗ്രഥന സിദ്ധാന്തം**

എഴുത്തുകാരന്റെ മനസ്സിനെ പഠിക്കുന്ന മനശാസ്ത്രശാഖകളിൽ ആദ്യ പരിഗണന അർഹിക്കുന്നത് സിഗ്മണ്ട് ഫ്രോയിഡിന്റെ മാനസികാപഗ്രഥനസിദ്ധാന്തമാണ്. മനോവിജ്ഞാനീയത്തിന്റെ സങ്കേതങ്ങളുപയോഗിച്ച് വ്യക്തി ചേതനകളെ ശാസ്ത്രീയമായി അപഗ്രഥിച്ചു പഠിക്കുന്ന നിരൂപണ പദ്ധതിയാണ് മനഃശാസ്ത്രനിരൂപണം. അബോധമനസ്സിന്റെ കണ്ടെത്തലാണ് ഫ്രോയ്ഡിന്റെ മനോവിശ്ലേഷണ പദ്ധതിയുടെ കാതൽ. അപസ്മാരരോഗത്തിന് കാരണം കണ്ടെത്താൻ നടത്തിയ ശാസ്ത്രീയ പരീക്ഷണങ്ങൾക്ക് ഇടയിലാണ് അബോധമനസ്സിന്റെ വ്യാപാരത്തെക്കുറിച്ച് ഫ്രോയ്ഡ് മനസ്സിലാക്കുന്നത്. മനസ്സിന്റെ നിഗൂഢ സഞ്ചാരങ്ങൾ എങ്ങനെ കലാസൃഷ്ടിയായി പരിണമിക്കുന്നു എന്ന് അദ്ദേഹം അന്വേഷിച്ചു. ചിന്തകളും വികാരങ്ങളും നിദ്രയിലും തുടരുന്നുവെന്ന് അന്വേഷണത്തിൽ അദ്ദേഹം മനസ്സിലാക്കി. മനുഷ്യ പ്രവൃത്തികളെ നിർണ്ണയിക്കുന്നതും നിയന്ത്രിക്കുന്നതും അബോധമനസ്സിന്റെ കൂടെ സാന്നിധ്യത്തിലാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ

[illegible]

## ആഘാതപഠനസിദ്ധാന്തം

ആധുനികകാലത്ത് രോഗവും സാഹിത്യവും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തെ നിർവചിച്ച് നിരവധി സിദ്ധാന്തങ്ങൾ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. അതിൽ ഒന്നാണ് 'ട്രോമാ തിയറി'. ട്രോമാ തിയറി എന്ന ആഘാതപഠനസിദ്ധാന്തത്തിന് സാഹിത്യത്തിൽ വലിയ പ്രാധാന്യമുണ്ട്. സിദ്ധാന്തം രൂപപ്പെട്ട ആദ്യകാലങ്ങളിൽ അതിനു ലഭിച്ച തിരസ്കാരങ്ങളെയെല്ലാം അപ്രസക്തമാക്കിക്കൊണ്ട് സമകാലീന സാഹിത്യപഠനത്തിൽ ആഘാതപഠനം സജീവമായി.

ആഘാതം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അബോധാവസ്ഥയിലെ പരിഹരിക്കപ്പെടാത്ത പ്രശ്നം എന്നാണ്. ഈ ആഘാതം വൈയക്തികമായും സാമൂഹികമായും സംഭവിക്കുന്നു. എഴുത്തുകാരനിൽ ഇത് സംഭവിക്കുമ്പോൾ അത് അയാളെ അനുഭവത്തിന്റെയും ഭാഷയുടെയും സങ്കീർണമായ വൈരുധ്യങ്ങളിലേക്ക് നയിക്കുന്നു. രോഗം മൂലം ഉണ്ടാകുന്ന ശാരീരികാഘാതങ്ങൾ മാനസികമായ പ്രത്യാഘാതങ്ങൾക്കും കാരണമാകുന്നു. ആ വൈരുധ്യങ്ങളെ പ്രകാശിപ്പിക്കേണ്ടത് എഴുത്തുകാരന്റെ കടമയാണ്. ഇത് എഴുത്തുകാരന്റെ പ്രകാശനരീതിയുടെ ഭാഷയെ സ്വാധീനിക്കുന്നു. അനിശ്ചിതത്വങ്ങളിലേക്കും ഈ ഭാഷ അവ്യക്തതകളിലേക്കും അദ്ദേഹത്തെ നയിക്കുന്നു. താൻ അനുഭവിക്കുന്നതെന്തെന്ന് തുറന്നു പറയാനാവാത്ത അവസ്ഥയുണ്ടാകുന്ന ശൂന്യത അയാളെ ആന്തര സംഘർഷത്തിലേക്ക് നയിക്കുന്നു. ഈ രീതിയാണ് ആഘാത സിദ്ധാന്തത്തിന് സാഹിത്യത്തിൽ പ്രധാന സ്ഥാനം നൽകിയത്.

1990 കളിലാണ് ആദ്യമായി ട്രോമാ തിയറി അവതരിപ്പിക്കുന്നത്. 1920 ൽ ഇറങ്ങിയ സിഗ്മണ്ട് ഫ്രോയിഡിന്റെ 'ബിയോണ്ട് ദ പ്ലഷർ പ്രിൻസിപ്പിൾ' എന്ന പുസ്തകമാണ് ഈ സിദ്ധാന്തത്തിലേക്ക് വിമർശകരെ നയിച്ചത്. സിദ്ധാന്തത്തിലെ ആദ്യകാല നിഗമനങ്ങൾ അനുസരിച്ച് ആഘാതാവസ്ഥയിലെ അനുഭവങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്നതാണ്. അത് മനസ്സിനെ ഒരു തട്ടിലേക്ക് വിഭജിക്കുന്നു. ഓർമകളെ വ്യത്യസ്തമായി സ്വാധീനിക്കുന്നു. കാലങ്ങൾ കഴിയുമ്പോൾ തീവ്രമായി കടന്നു വരുന്ന ദൃശ്യക്കാഴ്ചകളായോ അനുഭവങ്ങളായോ അത് നിലനിൽക്കുന്നു. അതു ഭാഷയുടെ നഷ്ടപ്പെടലിലേക്കും എഴുത്തുകാരനെ നയിക്കുന്നു. സാമൂഹികമായി ഉണ്ടാകുന്ന ആഘാതങ്ങൾ പോലും എഴുത്തുകാരനെ സ്വാധീനിക്കുകയും എഴുത്തുകാരന്റെ വ്യക്തി അനുഭവങ്ങളായി പുറത്തുവരികയും ചെയ്യുന്നു. രോഗശാസ്ത്രം തന്നെ ഈ അവസ്ഥയിൽ സങ്കീർണമായി കിടക്കുന്നതിനാൽ അതിനെ കൃത്യമായി പ്രതിനിധാനം ചെയ്യാനാവാത്ത മാനസികാവസ്ഥ ഉണ്ടാകുന്നു. ഇതാണ് ആദ്യകാലത്ത് ഈ സിദ്ധാന്തത്തെ കുറിച്ച് ഉണ്ടായ കണ്ടെത്തലുകൾ.

സൂസൻ ഫെൽമാൻ, ജോഫ്രി ഹാർട്മാൻ, കാത്തി കരുത് എന്നിവർ ഈ സിദ്ധാന്തത്തിന്റെ രണ്ടാം ഘട്ടവുമായി വന്നു. അവർ എഴുത്തുകാരന്റെ മാനസിക സംഘർഷങ്ങൾക്ക് പ്രാധാന്യം നൽകി. സാധാരണമായ ഓർമകൾക്കും അപ്പുറത്താണ് ഭാഷയിലും അനുഭവത്തിലുമുള്ള മാനസിക സംഘർഷങ്ങളെന്ന് അവർ കണ്ടെത്തി. അനിയന്ത്രിതമായി കടന്നെത്തുന്ന രോഗാവസ്ഥകൾ മനസ്സിനെ ഭയത്തിന് കീഴ്പ്പെടുത്തുന്നു. ഭാഷാപരമായി ആ അനുഭവത്തെ രേഖപ്പെടുത്തുന്നതിൽ നിന്ന് അത് മനസ്സിനെ തടയുന്നു. താനനുഭവിച്ചതിനെ വിവരിക്കാനോ വ്യക്തമായി തിരിച്ചറിയാനോ കഴിയാത്തതിനാൽ അത് സ്വയം മുറിവേൽപ്പിച്ചു കൊണ്ട് എഴുത്തുകാരന്റെ ബോധമണ്ഡലത്തിൽ നിലനിൽക്കുന്നു. തുടർന്ന് മനസ്സിൽ തന്നെ ആന്തരികമായ മാറ്റങ്ങളുണ്ടാക്കുന്നു. ഇവയെ പുറത്തേക്ക് പ്രകാശിപ്പിക്കാൻ സാധാരണമായ ഒരു എഴുത്ത് പോരാതെ വരുന്നു. അതിനാൽ എഴുത്തുകാരൻ രോഗി താനനുഭവിക്കുന്ന ആന്തരിക സംഘർഷങ്ങൾക്ക് ആവിഷ്കാരം ഒരുക്കാൻ അനുയോജ്യമായ ആഖ്യാനസമ്പ്രദായങ്ങളെ തേടുന്നു. ആഘാതത്തിന്റെ വിചിത്രമായ സാന്നിധ്യം എഴുത്തുകാരനെ ഇത്തരത്തിൽ അടിമുടി സ്വാധീനിക്കുകയും ഒരു വേട്ടയാടൽ പോലെ പിന്തുടരുകയും ചെയ്യുന്നു. ഇതിൽ നിന്നും രക്ഷപ്പെടാനായി കൂടുതൽ കരുത്തുറ്റതും തീക്ഷ്ണവുമായ എഴുത്തിനെ എഴുത്തുകാരൻ കണ്ടെത്തുന്നു. ഈ സിദ്ധാന്തം രോഗവും സാഹിത്യവും തമ്മിലുള്ള ഗുണപരമായ ബന്ധത്തെയാണ് നിർവചിക്കുന്നത്.

**സ്വയം പരിപാലനസിദ്ധാന്തം**

പ്രശസ്ത ഫ്രഞ്ച് തത്ത്വശാസ്ത്രജ്ഞനും ചരിത്രകാരനും സാഹിത്യ നിരൂപകനുമായ മിഷേൽ ഫൂക്കോട്ട് രോഗത്തിന്റെ ചികിത്സാമാർഗ്ഗമായി പുതിയൊരു സിദ്ധാന്തത്തെ അവതരിപ്പിക്കുന്നു. 'സ്വയം പരിപാലിക്കുക' എന്ന ആശയമാണത്. (Care of the self) രോഗത്തിന്റെ ചികിത്സാമാർഗ്ഗമായി എഴുത്തുകാരന്റെ സ്വന്തം അനുഭവങ്ങൾ തുറന്നു പറഞ്ഞു സ്വയം ശാക്തീകരിക്കാനാകുമോ എന്ന അന്വേഷണമാണ് ഈ സിദ്ധാന്തത്തിൽ പ്രതിപാദിക്കുന്നത്. രോഗം ഒരാളെ അഗാധമായി സ്വാധീനിക്കുന്നു. അതിന്റെ ആഘാതങ്ങളെ അടച്ചൊതുക്കി മനസ്സിനുള്ളിൽ പൂഴ്ത്തി വെയ്ക്കുന്നതിനു പകരം അതിന്റെ തുറന്നു പറച്ചിൽ അവനവന് തന്നെയുള്ള ബഹിർഗമനമാർഗ്ഗമായി മാറുന്നു എന്നാണ് അദ്ദേഹത്തിന്റെ കണ്ടെത്തൽ. അതിനായി പലതരം ആഖ്യാന മാർഗ്ഗങ്ങളിലൂടെ എഴുത്തുകാരൻ സഞ്ചരിക്കുന്നു.

അസുഖാവസ്ഥ ഒരാൾക്ക് നൽകുന്ന അനിശ്ചിതത്വവുമായി ബന്ധപ്പെട്ടും ഈ മേഖലയിൽ സിദ്ധാന്തങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ആതുരശുശ്രൂഷാരംഗത്ത് നിരവധി പഠനങ്ങൾ നടത്തിയ മെർലി.എച്ച്. മിഷേലിന്റെ കണ്ടെത്തലാണ് രോഗവുമായി ബന്ധപ്പെട്ട അനിശ്ചിതത്വസിദ്ധാന്തം. ശാരീരികമായ അനിശ്ചിതത്വത്തിനൊപ്പം മാനസ്സികവും സാമൂഹികവും സാമ്പത്തികവുമായ അനിശ്ചിതത്വത്തിലേക്ക് കൂടി രോഗാവസ്ഥ രോഗിയെ കൊണ്ടുപോകുന്നു. ഇത്തരം അനുഭവങ്ങളെല്ലാം കൂട്ടിച്ചേർത്തുകൊണ്ട് രോഗി നേരിടുന്ന അനിശ്ചിതാവസ്ഥയെ രണ്ടായി തരംതിരിക്കാം. യഥാർത്ഥ അനിശ്ചിതത്വസിദ്ധാന്തവും (The original uncertainty in illness theory) പുനർ നിർമ്മാണപരമായ അനിശ്ചിതത്വസിദ്ധാന്തവും (Reconceptualized uncertainty in illness theory) യഥാർത്ഥ അനിശ്ചിതത്വം സംഭവിക്കുന്നത് രോഗനിർണ്ണയത്തിന്റെയും ചികിത്സയുടെയും ആദ്യഘട്ടത്തിലാണ്. തുടർച്ചയായ അനിശ്ചിതത്വത്തിൽ ജീവിക്കുന്ന അനുഭവത്തെ നേരിടേണ്ടി വരുമ്പോഴാണ് പുനർനിർമ്മാണപരമായ അനിശ്ചിതത്വ സിദ്ധാന്തത്തിലേക്ക് രോഗി സഞ്ചരിക്കുന്നത്. അനിശ്ചിതാവസ്ഥ എന്നത് രോഗിയെ സംബന്ധിച്ചിടത്തോളം സങ്കീർണ്ണവും അവ്യക്തവുമാണ്. എന്നാൽ രോഗവുമായി ബന്ധപ്പെട്ട ജീവിതാവസ്ഥയുടെ അർത്ഥം നിർണ്ണയിക്കാനുള്ള കഴിവില്ലായ്മ ജീവിതത്തെക്കുറിച്ച് തന്നെ ഒരു വൈജ്ഞാനിക ബോധത്തിലേക്ക് രോഗിയെ നയിക്കുന്നു. ചികിത്സകളും അതിന്റെ ഫലങ്ങളും കാത്തിരിപ്പുകളും ആശുപത്രിവാസവും നൽകുന്ന അനിശ്ചിതത്വം മൂലം ജീവിതത്തിലുണ്ടാകുന്ന മടുപ്പുകൾ രോഗിയെ തത്ത്വജ്ഞാനത്തിലേക്ക് അടുപ്പിക്കുന്നു. ആത്മനിഷ്ഠമായ ഇത്തരം വേദന രോഗിയിൽ ഒരു വൈജ്ഞാനിക അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു. വിട്ടുമാറാത്ത രോഗങ്ങൾ ഗുണപരമായ ആത്മജ്ഞാനമാണ് രോഗിക്ക് നൽകുന്നത്. ഈ രോഗി എഴുത്തുകാരൻ ആകുമ്പോൾ അയാളുടെ മനസ്സിന്റെ നിശ്ചയദാർഢ്യം പുനർനിർമ്മാണപരമായ അനിശ്ചിതത്വത്തിലാണ് അയാളെ കൊണ്ടുചെന്ന് എത്തിക്കുന്നത്. ജീവിതത്തെക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാട് അതിൽ നിന്ന് അയാൾക്ക് വെളിപ്പെട്ടു കിട്ടുന്നു. രോഗിയുടെ മനസ്സിന്റെ നിശ്ചയദാർഢ്യം വെളിപ്പെടുന്ന ഈ അവസ്ഥയാണ് പുനർനിർമ്മാണപരമായ അനിശ്ചിതത്വം. രോഗി എഴുത്തുകാരനാകുമ്പോൾ എഴുതുന്ന മേഖലയിലേക്ക് മുൻകണ്ട മാനസികദാർഢ്യത്തോടെ സഞ്ചരിക്കാൻ അയാൾക്ക് സാധിക്കുന്നു. അതുവഴി പുതിയ സർഗ്ഗരചനകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

**അന്വേഷണാഖ്യാനം**

ഫ്രാങ്ക്, കാതലിൻ കോൺവേ എന്നീ ശാസ്ത്രജ്ഞന്മാരുടെ നേതൃത്വത്തിൽ നടന്ന 'അസുഖവിവരണങ്ങളുടെ സിദ്ധാന്തം' എന്ന പഠനത്തിൽ അസുഖവും സാഹിത്യവും തമ്മിലുള്ള വിശദാംശങ്ങളെ പരിശോധിക്കുന്നു. രോഗിയായ എഴുത്തുകാരിൽ സാധാരണ എഴുത്തുകാരിൽ സംഭവിക്കുന്നതിനേക്കാളും തീവ്രമായ ആവിഷ്കാര വ്യതിയാനങ്ങൾ നിലനിൽക്കുന്നു. സാഹിത്യങ്ങളിൽ പാലിക്കപ്പെടുന്ന തുടക്കം, മദ്ധ്യം, അവസാനം എന്നിങ്ങനെയുള്ള രേഖീയമായ ആവിഷ്കാരരീതി രോഗിയായ എഴുത്തുകാരനിൽ നഷ്ടപ്പെടുന്നുണ്ട്. എന്നാൽ അസുഖം മൂലമുണ്ടാകുന്ന തടസ്സങ്ങളെയും ഇടപെടലുകളെയും തുറന്നു കാട്ടാനായി അദ്ദേഹം തന്റെ എഴുത്തിലൂടെ ശ്രമിക്കുകയും ചെയ്യുന്നു. അത് അന്വേഷണാഖ്യാനത്തിലേക്ക് രോഗിയെ നയിക്കുന്നു. രോഗാനുഭവത്തിന്റെ താൽക്കാലികമായ സാന്നിദ്ധ്യത്തിലും കാലക്രമേണ സംഭവിക്കാവുന്ന വ്യക്തിയുടെ പരിവർത്തനത്തിനാണ് അന്വേഷണാഖ്യാനം പ്രാധാന്യം നൽകുന്നത്. അസുഖാനുഭവങ്ങളിലൂടെയുള്ള യാത്ര ഈ ആഖ്യാനത്തിന്റെ സവിശേഷതയാണ്. നിയന്ത്രിതവും അനിയന്ത്രിതവുമായ ചിന്തകൾക്കിടയിൽ ആകസ്മികമായ കണ്ടെത്തലുകൾ രോഗിയിൽ സംഭവിക്കുന്നു. സത്തയും ശരീരവും തമ്മിലുള്ള ബന്ധം ഇവിടെ സുദൃഢമാകുന്നു. സൃഷ്ടിപരമായ ആവേശവും താൽപര്യവും ആഖ്യാന രീതിയിൽ നിറഞ്ഞു നിൽക്കുന്നു.

എഴുത്തുകാരനിൽ രോഗം ബഹുമുഖങ്ങളായ മാനസിക വ്യാപാരങ്ങൾക്ക് കാരണമാകുന്നു. സർഗ്ഗാത്മകതയും മാനസിക വ്യാപാരങ്ങളും പരസ്പരം ഇഴചേർന്നു വർത്തിക്കുന്നു. മാനസിക ഭാവങ്ങളുടെ ക്രമരാഹിത്യവും ദിശാവ്യതിയാനങ്ങളും സർഗ്ഗാത്മകതയെ പിന്തുണയ്ക്കുന്ന ഘടകങ്ങളായി മാറുന്നു. ചഞ്ചലിതമായ മാനസികവ്യാപാരങ്ങൾ സൃഷ്ടിപരമായ രചനകളായി മാറുന്ന ചരിത്രത്തിന് ഫയദോർ ദസ്തയേവ്സ്കി, ഏണസ്റ്റ് ഹെമിങ്‌വേ, വെർജീനിയ വുൾഫ് എന്നിവരുടെ ജീവിതങ്ങൾ ഉദാഹരണങ്ങളാണ്.

രോഗം അഗാധമായി സ്വാധീനിച്ച എഴുത്തുകാരിൽ രോഗം അവരുടെ എഴുത്തിനുള്ള പിന്തുണയായി മാറുന്നു. ചില അപൂർവ്വമായ രോഗങ്ങളുടെ അസാധാരണങ്ങളായ രോഗലക്ഷണങ്ങളുടെ വിവരണം സാഹിത്യ